...ATCHED
...23/11/21....
01/11/2021.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.175(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1949/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മിഥുൻ മോഹൻ കെ.എം.,
കാരേ്യഴത്ത് ഹൗസ്,
മീത്തല പി.ഒ., തൃശ്ശൂർ-680 669
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്ഷൻ ഓഫീസർ,
   ഇലക്ഷൻ (ജനറൽ) ഡിപ്പാർട്ട്മെന്റ്,
   തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ജോയിന്റ് ചീഫ് ഇലക്ട്രൽ ഓഫീസർ &
   ജോയിന്റ് സെക്രട്ടറി,
   ഇലക്ഷൻ വകുപ്പ്, നിയമസഭാ സമുച്ചയം,
   വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.12.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.03.2021 |

| | |
|---|---|
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.04.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 22.10.2021 & തൃശ്ശൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മിഥുൻ മോഹൻ കെ.എം. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 27.10.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ 17.11.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയത് കൂടുതൽ വ്യക്തതയോടെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 18.10.2020 തീയതി രേഖപ്പെടുത്തി ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ആയതിന്മേൽ 30.12.2020 ൽ നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, കെ.എസ്.ആർ.റ്റി.സി. മാനേജിംഗ് ഡയറക്ടറുടെ കത്ത് ഏത് അവസ്ഥയിലാണോ ടി ഓഫീസിൽ ഉള്ളത് അപ്രകാരമാണ് ടിയാന് നൽകിയതെന്നും ടി കത്തിന്റ കൂടുതൽ തെളിമയുള്ള ഒരു പകർപ്പ് ടിയാന് നേരിട്ട് ലഭ്യമാക്കാൻ കെ.എസ്.ആർ.റ്റി.സി. യിലെ എസ്.പി.ഐ.ഒ. യോട് നിർദ്ദേശിച്ചിട്ടുണ്ടെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 17.04.2021 ൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജികക്ഷിയുടെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ കെ.എസ്.ആർ.റ്റി.സി. മാനേജിംഗ് ഡയറക്ടറുടെ കത്തിന്റെ പകർപ്പ് തെളിച്ചമില്ലായെന്നും കെ.എസ്.ആർ.റ്റി.സി. മാനേജിംഗ് ഡയറക്ടറുടെ

കത്തിന്റെ പരമാവധി തെളിച്ചമുള്ള പകർപ്പ് നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നാണ്. എന്നാൽ കെ.എസ്.ആർ.റ്റി.സി. എം.ഡി.യുടെ കത്ത് ഏത് അവസ്ഥയിലാണോ ടി ഓഫീസിൽ ഉള്ളത് അപ്രകാരമാണ് ടിയാന് നൽകിയതെന്നും ടി കത്തിന്റ കൂടുതൽ തെളിമയുള്ള പകർപ്പ് ടി ഓഫീസിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും ആയത് ലഭ്യമാക്കാൻ കെ.എസ്.ആർ.റ്റി.സി. യിലെ എസ്.പി.ഐ.ഒ. യോട് നിർദ്ദേശിച്ചിരുന്നു വെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ 27.10.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 17.11.2020 തീയതി മറുപടി നൽകിയതായി കാണുന്നു. കൂടാതെ ഹർജിക്കാരന്റെ 18.10.2020 എന്നു രേഖപ്പെടുത്തിയ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരിയും 30.12.2020 തീയതി ടിയാന് വ്യക്തമായ പകർപ്പ് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം നൽകി മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ 18.10.2020 എന്നു രേഖപ്പെടുത്തിയ അപ്പീൽ അപേക്ഷയിലെ തീയതി തെറ്റായി രേഖപ്പെടുത്തിയതാണെന്നു കമ്മീഷൻ അനുമാനിക്കുന്നു. എതിർകക്ഷികൾ സമയബന്ധിതമായി തന്നെ ടിയാന്റെ അപേക്ഷക്ക് മറുപടി നൽകിയതായി കമ്മീഷൻ കാണുന്നു. 22.10.2021 ൽ തൃശ്ശൂർ വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം അറിയിക്കുകയോ ചെയ്തിട്ടില്ല. തൃശ്ശൂർ വച്ചു നടന്ന ഹിയറിംഗിൽ ഹാജരായ ഒന്നാം എതിർകക്ഷി കെ.എസ്.ആർ.ടി.സി. എം.ഡി. ടി കാര്യാലയത്തിൽ ലഭ്യമാക്കിയ കത്ത് (ഒറിജിനൽ) കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിരുന്നു. ആയത് എതിർകക്ഷികൾ പ്രസ്താവിച്ചിട്ടുള്ള പ്രകാരം തെളിച്ചം കുറവുള്ളതാണ്. ആയതിന്റെ കൂടുതൽ തെളിച്ചമുള്ള പകർപ്പ് ഹർജികക്ഷി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി. എം.ഡി. ആഫീസിലെ എസ്.പി.ഐ.ഒ. യോട് നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ വ്യക്തതയുള്ള കത്തിന്റെ പകർപ്പ് ലഭിക്കുന്നതിന് ഒരു ഓർമ്മക്കുറിപ്പ് കൂടി അയച്ച് കഴിവതും

വേഗം ആയത് ലഭ്യമാക്കി ഹർജികക്ഷിക്ക് ലഭ്യമാക്കാൻ കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 01-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp